# പൂവാക്കുടയവരുടെ പുകിൽനുറുങ്ങുകൾ

**പി.ടി. നരേന്ദ്രമേനോൻ**

വാക്കുകളിൽ അഗ്നിയും അഴലും അദ്ഭുതവും ആനന്ദവും നിറച്ച്, കവിതയുടെ കാന്താരത്തിൽ മലമുഴക്കിയ കാലാതീതപ്പക്ഷികൾ - ഇടശ്ശേരിയും പിയും വൈലോപ്പിള്ളിയും. അവർ കവിതകൊണ്ടു മാത്രമല്ല, വിചിത്രമായ വ്യക്തിത്വങ്ങൾകൊണ്ടുകൂടി ഓർമ്മപ്പുഴയോരത്തെ അരയാൽത്തറകളിൽ മനോമൂർത്തികളായി നിറഞ്ഞുനിൽക്കുന്നു. ഇടശ്ശേരി വാദ്യത്തിനും മററുള്ളവർ ലൗകികത്തിനുമാണ് എന്റെ വീട്ടിൽ വന്നിരുന്നത്. മൂന്നുപേർക്കും മഹാകവികളാണെന്ന ഭാവം ഒരിക്കലും കണ്ടിരുന്നില്ല. സാധാരണയിൽ സാധാരണന്മാരെപ്പോലെ അവർ പെരുമാറി. അവരേക്കാൾ എത്രയോ പ്രായം കുറഞ്ഞ, ഒരു കവിതപോലും പ്രസിദ്ധീകരിച്ചിട്ടില്ലാത്ത എന്നോട് കവിതയെക്കുറിച്ച് സംസാരിച്ചു. വിഹ്വലതകൾ പങ്കുവച്ചു. നാട്ടുകൂട്ടങ്ങൾ മൊഴിഞ്ഞു. എന്റെ എളിയ ആതിഥ്യം ഉദാരതയോടെ സ്വീകരിച്ചു. കവിസദസ്സുകളിൽ കേൾവിക്കാരനായി കൂട്ടിക്കൊണ്ടുപോയി. വികലമായ എന്റെ ചില വിമർശനങ്ങൾക്ക് ഗൗരവപൂർവം മറുപടി പറഞ്ഞു, കാലം മൂവരേയും കൊണ്ടുപോകുമെന്ന ബോധമുണ്ടായിരുന്നില്ല. അതിനാൽ ഓരോരുത്തരം പോയപ്പോൾ ഞെട്ടലുണ്ടായി. എങ്കിലും തിളങ്ങുന്ന അക്ഷരക്കൂട്ടുകളായി അവരുടെ ഹൃദയം ഇപ്പോഴും മിടിക്കുന്നുണ്ടല്ലോ. ഭാവുകത്വത്തിന്റെ വാനതിർത്തിയിൽ താരവെട്ടമായി അവരിന്നും തുടിയ്ക്കുന്നുണ്ടല്ലോ.

ഇടശ്ശേരിയുടെ, പരുത്ത കരുത്തിലൂന്നുന്നു ഇഹപരങ്ങൾ വിചിത്രമായി മേളിക്കുന്ന വരികൾ, പിയുടെ, പ്രകൃതിയും ജീവിതവും ലഹരിപോലെ കെട്ടുപിണയുന്ന വരികൾ, വൈലോപ്പിള്ളിയുടെ, ഭൗതികതയും മനുഷ്യസ്നേഹവും ഇണചേരുന്ന വരികൾ. ഇന്നും അവയ്ക്ക് മങ്ങലേറ്റിട്ടില്ല. ഇടശ്ശേരി കുടുംബം പുലർത്താൻ വക്കീൽ ഗുമസ്തപ്പണിയും ആധാരമെഴുത്തുപണിയും ചെയ്തു. ശുഷ്കവും വിരസവുമായ വൃത്തി. പിയാകട്ടെ അധ്യാപകവൃത്തിക്കിടയിലും കാറ്റത്തിട്ട പഞ്ഞിപോലെ പാറി നടന്നു. പലയിടത്തുമായി പല ബന്ധങ്ങളും വെച്ചുപുലർത്തി. വൈലോപ്പിള്ളി കുടുംബവുമായി ഏതോ അകൽച്ചയിൽ ഏകനായി വെച്ചുണ്ട് ദേവസ്വം ക്വാർട്ടേഴ്സിൽ കഴിഞ്ഞുകൂടി. ഒരു കണക്കിൽ വലിയ പരാജയങ്ങൾ, മറുകണക്കിൽ വലിയ വിജയങ്ങൾ.

### മക്കത്തേയ്ക്കു കയറ്റിയ ഈത്തപ്പയം

ഞാൻ അഭിഭാഷകനായി നാലഞ്ചുകൊല്ലം പ്രാക്ടീസ് കഴിഞ്ഞകാലം. ഒരു ദിവസം രണ്ട് താടിവെച്ച ഹാജിമാരോടൊപ്പം ഇടശ്ശേരി വീട്ടിൽ വന്നു. അക്കാലത്ത് പൊന്നാനി മുൻസിഫ് കോടതിവിധികളിൽനിന്നുള്ള അപ്പീൽ അധികാരം ഒറ്റപ്പാലം സബ് കോടതിക്കായിരുന്നു. ഒരു കേസിൽ അപ്പീൽ ബോധിപ്പിക്കാനാണ് കക്ഷികളേയും കൂട്ടി ഇടശ്ശേരി വന്നത്. ഞാൻ കോളേജിൽ പഠിക്കുന്ന കാലത്ത് നടന്ന സാഹിത്യപരിഷത്ത് സമ്മേളനത്തിൽ ഇടശ്ശേരി കവിത വായിക്കുന്നത് കണ്ടിട്ടുള്ളതിനാൽ എനിക്ക് ആളെ മനസ്സിലായി. ഞാൻ ആദരവോടെ എഴുന്നേറ്റുനിന്ന് ഇടശ്ശേരിയെ മുന്നിലിരുത്തി.

കൂടെ വന്ന കക്ഷികൾക്ക് ഇടശ്ശേരി വക്കീൽ ഗുമസ്തൻ മാത്രമായിരുന്നു. അക്കാലത്ത് ഒരുതരം ഫ്യൂഡൽ സമ്പ്രദായമുണ്ടായിരുന്നു. ഗുമസ്തന്മാർ വക്കീലന്മാരുടെ മുന്നിൽ ഇരിക്കില്ല. വയസ്സ് ചെന്ന ഗുമസ്തന്മാർ മണിക്കൂറുകൾ നിന്നുകൊണ്ട് വക്കീലിന്റെ ഡിക്റ്റേഷൻ എഴുതിയെടുക്കുമായിരുന്നു. നിർബന്ധിച്ചാലും അവർ ഇരിക്കില്ല. ഗുമസ്തനെ ഇത്രയധികം ബഹുമാനിക്കുന്ന ചെറുപ്പക്കാരൻ വക്കീലിന്റെ കഴിവിനെക്കുറിച്ച് ആ കക്ഷികൾക്ക് സംശയം തോന്നുന്നുണ്ടെന്ന് എനിക്ക് മനസ്സിലായി. പക്ഷേ, അവരുടെ ബന്ധുക്കളുടെ കേസ് നടത്തി വിജയിപ്പിച്ചിട്ടുള്ളതിനാൽ, വക്കീലിന്റെ കഴിവിൽ വിശ്വാസമുണ്ട്. എന്നാലും ഗുമസ്തനെ ഇങ്ങനെ ബഹുമാനിക്കുന്നതിൽ എന്തോ അസ്കിതയുണ്ടായിരുന്നു.

ഇടശ്ശേരി ഒന്നാംതരം ഗുമസ്തനാണെന്ന് എനിക്കറിയാമായിരുന്നു. വസ്തുതാപരമായും നിയമപരമായും അപ്പീലിൽ ഉയർത്തേണ്ട പോയന്റുകൾ ഏതെല്ലാമാണെന്ന് ഞാൻ ഇടശ്ശേരിയോട് ചോദിച്ചു. കാലഹരണത്തെപ്പറ്റിയും എതൃകൈവശത്തെപ്പററിയുമുള്ള വാദങ്ങൾ കീഴ്ക്കോടതി പരിഗണിച്ചപ്പോൾ പറ്റിയ പ്രമാദങ്ങൾ ഇടശ്ശേരി വിദഗ്ദ്ധമായി പറഞ്ഞുമനസ്സിലാക്കിതന്നു. റെസ് ജൂഡിക്കാറ്റ എന്ന നിയമതടസം വേണ്ടവിധം പരിഗണിച്ചിട്ടില്ല. ഒരിക്കൽ കോടതി തീരുമാനിച്ച കാര്യങ്ങൾ വീണ്ടും തീരുമാനിക്കാൻ പാടില്ല എന്ന തത്ത്വമാണത്. അപ്പീൽവാദികൾക്ക് അനുകൂലമായ സുപ്രീംകോടതി വിധികൾവരെ ഇടശ്ശേരി പറഞ്ഞുതന്നു. ഞാനാകട്ടെ അതീവശ്രദ്ധയോടെ അദ്ദേഹം പറയുന്ന പോയന്റുകൾ എഴുതി എടുത്തുകൊണ്ടിരുന്നു.

കക്ഷികളിലൊരാൾ മടിച്ചുകൊണ്ടു എന്നോടു ചോദിച്ച്, “ന്താ, ഇങ്ങക്ക് ഇജ്ജാതി കേസ് നടത്തീട്ട് പരിചല്ല്യാന്നുണ്ടോ?”

പരിചയമുണ്ട്. എന്നാലും കേമനായ ഗുമസ്തനിൽനിന്ന് കാര്യങ്ങൾ മനസ്സിലാക്കേണ്ടത് ആവശ്യമാണെന്ന് ഞാൻ പറഞ്ഞു.

ഇടശ്ശേരി കേസിനെക്കുറിച്ച് പിന്നെയും പറഞ്ഞു മനസ്സിലാക്കുകയായിരുന്നു. അല്പം കഴിഞ്ഞപ്പോൾ സഹികെട്ട് കക്ഷിപറഞ്ഞു.

"ങ്ങള് ഇങ്ങ്ട് പോന്നാണി. കുറേ നേരായിങ്ങള് മക്കത്തേക്ക് ഈത്തപ്പയം കേറ്റ്ണ്. ബക്കീലല്ലെ കോടതീല് പറേണ്ടത്. ങ്ങക്ക് കോടതീല് പറയാൻ പറ്റ്വോ?"

ഞാനും ഇടശ്ശേരിയും ചിരിച്ചു. കൊല്ലക്കുടിലിൽ സൂചി വിൽക്കുക, carrying coal to New Castle എന്നെല്ലാം കേട്ടിട്ടുണ്ട്. മെക്കയിലേക്ക് ഈത്തപ്പഴം കേറ്റുക എന്നത് ആദ്യമായി കേൾക്കുകയാണ്.

ഇടശ്ശേരി കേസിന് ഒറ്റപ്പാലത്ത് വന്നാൽ കോടതിയിൽനിന്ന് നിർബന്ധിച്ച് വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവരും. ഊണ് കഴിഞ്ഞ് കാറിൽ ബസ് സ്റ്റാൻഡിലെത്തിക്കും. അതുവരെ സംസാരിക്കും.

"സമയമായി സമയമായി തേരിറങ്ങുകംബേ!

സകലലോകപാലനൈക സമയമതാലംബേ!" എന്ന വരികളിൽ 'സമയമതാലംബേ!' എന്നു പ്രയോഗത്തിന്റെ അർത്ഥം മനസ്സിലായിരുന്നില്ല. ശാക്തേയമാർഗത്തിലെ പ്രമാണമാണ് സമയമതമെന്നും, കേരളത്തിലെ ഭഗവതിക്കാവുകളിലുള്ള ആചാരാനുഷ്ഠാനങ്ങൾ സമയമതാലംബമാണെന്നും ഇടശ്ശേരി വിശദീകരിച്ചുതന്നത് ഓർമ്മ വരുന്നു.

അഹിംസയെ അടിസ്ഥാനപ്രമാണമാക്കിയ തഥാഗതകാരുണ്യത്തെ വാഴ്ത്തുന്ന കൂട്ടത്തിൽ ബലികർമ്മം നടത്തുന്നവനേയും സാധൂകരിക്കുംവിധം ഇടശ്ശേരി എഴുതിയ ഒരു ശ്ലോകം വായിച്ചിരുന്നു.

"ചോരക്കൈവാളിനൂണാമരിയൊ-
രജകിശോരത്തെ മീളാൻ കുനിഞ്ഞു-
ള്ളോരാ കണ്ഠത്തിൽ നിന്നൂറിന
മൃദുകരുണാവായ്പിലാഴുമ്പൊഴെല്ലാം,
ഹാ! രക്ഷയ്ക്കാത്മകർമ്മം, ശരണ-
മിതരമില്ലില്ല, മാപ്പെന്ന ഗീരിൻ
ക്രൂരത്വത്താലുയർത്തപ്പെടുക
ഹൃദയമേ! പിന്നെയും പിന്നെയും നീ

ഇതിനെക്കുറിച്ച് ചോദിച്ചപ്പോൾ, നന്മതിന്മകളെക്കുറിച്ചുള്ള ഒരു ലഘുപ്രഭാഷണമായിരുന്നു മറുപടി. ഹിംസ ജന്തുവർഗത്തിന്റെ സ്വതസിദ്ധമായ സ്വഭാവവിശേഷമാണ്. ഭക്ഷണത്തിനുവേണ്ടി ഇരയെ കൊല്ലുന്ന മൃഗത്തിനോട് അഹിംസ പറയാനൊക്കില്ല. ആ ഹിംസ മൃഗത്തെ സംബന്ധിച്ച് ആത്മകർമ്മമാണ്. മനുഷ്യന്റെയും നിജസ്വഭാവത്തിൽ ദുഷ്ടത കലർന്നിരിക്കുന്നു. അധികാരത്തിനുവേണ്ടി മനുഷ്യചരിത്രത്തിൽ ഉണ്ടായിട്ടുള്ള നരഹത്യകൾ ഇതിനുദാഹരണമാണ്. മൃഗസ്വഭാവത്തിൽനിന്നുയർന്ന് ദേവസ്വഭാവത്തിലെത്തുമ്പോൾ മാത്രമേ അഹിംസ പ്രായോഗികമാകയുള്ളൂ. ഹോബ്സ് എന്ന ചിന്തകൻ മനുഷ്യസ്വഭാവത്തെക്കുറിച്ച് പറഞ്ഞ വാചകം ഞാൻ ഉദ്ധരിച്ചു, "human nature is fundamentally nasty, brutish and short" ദാർശനികമായ കാഴ്ചപ്പാടില്ലാതെ ഇടശ്ശേരി ഒന്നും എഴുതിയിരുന്നില്ല. കാലം ഇത്രയ്ക്ക് ശക്തമായി ആവേശിച്ച കവികളുമില്ല. നിളാനദിയോട് കുറ്റിപ്പുറം പാലത്തിന്റെ നാട്ടനൂഴേണ്ടി വന്നില്ലേ നിനക്ക് എന്ന് ചോദിച്ചതും ഈ ദാർശനികതയത്രെ. പല തവണ ക്ഷണിച്ചിട്ടും പൊന്നാനിയിലെ അദ്ദേഹത്തിന്റെ വീട്ടിൽ പോകാൻ പറ്റിയില്ല എന്ന ഖേദം അവശേഷിക്കുന്നു. മരണവാർത്തയറിഞ്ഞപ്പോൾ മാത്രമേ കൊളാടി ഗോവിന്ദൻകുട്ടിയോടൊപ്പം അവിടെയെത്തിയുള്ളൂ. ഇടശ്ശേരിയുടെ മകൻ ഹരികുമാറിനെ വളരെ വർഷങ്ങൾക്കുശേഷം എറണാകുളത്തുവച്ചാണ് പരിചയപ്പെട്ടത്.

## മധുരപലഹാരം മോഹിച്ച മഹാകവി

പി.യെ ഞാനാദ്യം കണ്ടത് ഒറ്റപ്പാലം സാഹിത്യപരിഷത്ത് സമ്മേളനത്തിൽവച്ചാണ്. കൊച്ചുകുട്ടിയായിരുന്നെങ്കിലും, 'കളിയച്ഛൻ' എന്ന കവിത വായിച്ചശേഷം വികാരാധീനനായി പി. മഹാകവി വള്ളത്തോളിന്റെ പാദങ്ങളിൽ വേദിയിൽ വച്ചുതന്നെ നമസ്കരിച്ച രംഗം ഓർമ്മയിലുണ്ട്. ഞാൻ കവിത പ്രസിദ്ധീകരിച്ചു തുടങ്ങിയ എഴുപതുകളിൽ പല കവിയരങ്ങുകളിലും പി.യോടൊപ്പം കവിത ചൊല്ലാൻ അവസരം കിട്ടിയിരുന്നു. കിള്ളിക്കുറിശ്ശിമംഗലത്തെ കുഞ്ചൻസ്മാരകത്തിൽ എന്റെ 'ത്രിപുള്ളോർക്കുടം കൊണ്ട്' എന്ന കവിത കേട്ടശേഷം എഴുന്നേറ്റുവന്ന് കെങ്കേമം എന്ന് പറഞ്ഞുകൊണ്ട് ആശ്ലേഷിച്ചതും ഓർമ്മ വരുന്നു. പി അങ്ങനെയായിരുന്നു. എന്തെങ്കിലുമൊന്ന് ഇഷ്ടപ്പെട്ടാൽ അത് വിളിച്ചുപറയും. ഒരിക്കലും വിമർശിക്കുകയില്ല. കുറച്ച് നന്നായാൽ ഏറെ നന്നായി എന്നാണ് പറയുക.

ഒരു ദിവസം കാലത്ത് അഞ്ചരമണിക്ക് ആരോ പടിപ്പുരവാതിലിൽ ഉറക്കെ തട്ടുന്നതു കേട്ടു. എഴുന്നേറ്റ് ചെന്ന് വാതിൽ തുറന്നപ്പോൾ പി.യുണ്ട് മുന്നിൽ നിൽക്കുന്നു. ഭാരതപ്പുഴയിൽ കുളിച്ച് ഭസ്മചന്ദനാദികൾ പൂശിയിരിക്കുന്നു. കാലത്ത് നാലുമണി വണ്ടിയിൽ വന്ന് റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി ഭാരതപ്പുഴയിൽ കുളി കഴിച്ചിരിക്കുന്നു എന്ന് വ്യക്തം. കൈയിൽ ടോർച്ചുണ്ട്. ടൗ

ണിലെ നാരായണയ്യരുടെ ഹോട്ടൽ മണ്ഡലകാലമായതിനാൽ നാലരയ്ക്ക് തന്നെ തുറക്കുന്ന പതിവുണ്ടായിരുന്നു. അവിടെ കയറി കാപ്പികുടിച്ചുവത്രെ. മുററത്ത് കയറുന്നതിനു മുൻപ് പി പറഞ്ഞു, “നാരായണയ്യരുടെ ഹോട്ടലിന്റെ ചില്ലുകൂട്ടിൽ ലഡുവും ജിലേബിയും ഇരിക്കുന്നതു കണ്ടു. വാങ്ങിക്കഴിക്കണമെന്ന് മോഹമുണ്ടായിരുന്നു. ഒരു കാപ്പിക്ക് മാത്രമേ കാശുണ്ടായിരുന്നുള്ളൂ. കൊതി തോന്നി, വായിൽ വെള്ളമൂറി. സുകുമാരിയോടു പറയൂ, നല്ല വിശപ്പുണ്ടെന്ന്. വിസ്തരിച്ച് പ്രാതൽ വേണം.”

മഹാകവിയെ കണ്ടപ്പോൾ ഏറെ സന്തോഷം തോന്നി. ഭാഗ്യത്തിന് തലേദിവസം ഒരു കല്യാണ വീട്ടിൽനിന്ന് പകർച്ച വന്ന ലഡുവും ജിലേബിയും ഫ്രിഡ്ജിലുണ്ടായിരുന്നു. ഞാൻ വിഷമത്തോടെ ഓർത്തു, മലയാളത്തിന്റെ ഒരു മഹാകവിക്ക് ഏറെ കൊതുതോന്നിയ മധുരപലഹാരം വാങ്ങാൻ പണമില്ല. നല്ല അക്ഷരജ്ഞാനം പോലുമില്ലാത്ത കച്ചവടക്കാർക്കും മറ്റും ഇഷ്ടപ്പെട്ട എന്തും അനുഭവിക്കാൻ പണമുണ്ട്. മഹാകവി പുട്ടും കടലയും ഇഡ്ഡലിയും ചട്ണിയും വേണ്ടുവോളം കഴിച്ചു. എന്നിട്ട് മൂന്ന് ലഡുവും രണ്ടു ജിലേബിയും ഒരു കൊച്ചുകുട്ടിയെപോലെ കൊതിയോടെ അകത്താക്കി. മഹാകവി പറഞ്ഞു, ഇനി ഒരാവശ്യം കൂടി ബാക്കിയുണ്ട്. ശ്രീമതി ഒരു കീർത്തനം പാടി കേൾക്കണം. ‘ചാരുകേശി’ രാഗത്തിലുള്ള ആടമോടി ഗലദാരാമയ്യാ!’ എന്ന ത്യാഗരാജകൃതിയായാൽ നന്നായി.

അദ്ഭുതമെന്ന് പറയട്ടെ, എവിടെയോ കച്ചേരി കഴിഞ്ഞ് കോയമ്പത്തൂരിലേക്ക് മടങ്ങുന്ന വഴി വയലിനിസ്റ്റ് എസ്.വി. രാമകൃഷ്ണനും മൃദംഗിസ്റ്റ് കോവൈ ഗണപതിയും ഘടംവിദ്വാൻ കോവൈ സുരേഷും ആ സമയം വീട്ടിൽ വന്നെത്തി. മഹാകവിക്ക് വേണമെങ്കിൽ ഒരു കച്ചേരി തന്നെ കേൾപ്പിക്കാമെന്നായി എന്റെ പത്നി. തഞ്ചാവൂരിലെ മുഴുമിക്കാത്ത പഠനകാലത്ത് മഹാകവി കർണ്ണാടകസംഗീതത്തിൽ നല്ല ആസ്വാദനശേഷി നേടിയിരുന്നു എന്ന് അവർക്കറിയാം. മിനി കച്ചേരി കഴിഞ്ഞപ്പോൾ രണ്ടു ദിവസം കൂടിയിട്ട് പോയാൽ പേരേ എന്ന് ഞാൻ ചോദിച്ചു. മഹാകവി സ്വകാര്യം പറഞ്ഞു, ഒരു പുതിയ ബന്ധമുണ്ട്. ഉച്ചയ്ക്കു മുൻപ് അവിടെയെത്തണം. കാറിൽ കൊണ്ടുപോയി വിടാമെന്നു പറഞ്ഞപ്പോൾ, ലക്കിടി കൂട്ടുപാതയിൽ വിട്ടാൽ മതി എന്നായി.

പി പിന്നെ രണ്ടു മൂന്നു തവണകൂടി വീട്ടിൽവന്നു. ഒരിക്കൽ കുഞ്ചൻ നമ്പ്യാരുടെ കലക്കത്ത് ഭവനം പി.യോടൊത്തു നടന്നു കാണുകയായിരുന്നു. ഒരു ചെറിയ മുറിയിലെത്തിയപ്പോൾ കൂടെയുണ്ടായിരുന്ന പത്രപ്രവർത്തകൻ ശിവദാസ് (ഇപ്പോൾ കുഞ്ചൻസ്മാരകത്തിന്റെ പ്രസിഡന്റ്) ഇതാണ് കുഞ്ചൻ പിറന്നു വീണ മുറി എന്നു പറഞ്ഞു. അതുകേട്ടപ്പോൾ കവി വികാരാധീനനായി കണ്ണുമടച്ച് തൊഴുതുനിന്നു. എന്നിട്ട് പറഞ്ഞു, മനസ്സിൽ നാലുവരി കവിത വന്നു കഴിഞ്ഞു. കവി ആ വരികൾ ചൊല്ലി.

“തുലാവർഷക്കാറിനുള്ളിൽ
മിന്നും പൊൻനൂലുപോലവെ,
ഇറങ്ങിവന്ന സൗന്ദര്യ-
ദേവതേ! കവിതേ! തൊഴാം.”

ശിവദാസ് ആ വരികൾ നിറംമങ്ങിയ കുമ്മായച്ചുമരിൽ എഴുതണമെന്ന് കവിയോടപേക്ഷിച്ചു. ജുബ്ബയുടെ പോക്കററിൽനിന്ന് കുറ്റിപ്പെൻസിലെടുത്ത് കവി അത് എഴുതിവച്ചു. ആ വരികൾ ഇപ്പോഴും ആ ചുമരിൽ ഫ്രെയിമിട്ട് സൂക്ഷിച്ചിരിക്കുന്നു.

### ചാപല്യം ചുമലിലിട്ടു നടന്ന കവി ചൂഡാമണി

ജീവിതത്തിലുടനീളം താൻ പുലർത്തിയ പ്രണയ-സമ്മതങ്ങളെക്കുറിച്ച് പി തന്നെ കലവറയില്ലാതെ എഴുതിയിട്ടുണ്ട്. കൂടിയാട്ട കലാകാരനും കവിയുടെ ആരാധകനുമായ പി.കെ.ജി നമ്പ്യാർ സാക്ഷിയായ ഒരു സംഭവം എന്നോടു പറഞ്ഞു. പിന്നീട് കവി തന്നെ അതുണ്ടായതാണെന്ന് സമ്മതിക്കുകയും ചെയ്തു. പി തിരുവില്വാമല ക്ഷേത്രത്തിൽ അടച്ചുപൂജ കഴിയുവാൻ ഭസ്മചന്ദനലേപനങ്ങൾ ധരിച്ച് തൊഴുതുനിൽക്കുകയായിരുന്നു. സോപാനത്തിന്റെ മറുവശത്ത് അല്പം തടിച്ചുവെളുത്ത ഒരു സ്ത്രീയും നട തുറക്കാൻ കാത്തുനിന്നിരുന്നു. കവിയുടെ പിന്നിലായിരുന്നു പി.കെ.ജി. നിന്നിരുന്നത്. കവി ആ സ്ത്രീയോടു ചോദിച്ചു.

“രാമ! രാമ! രാമ! എവിടുന്നാ?”

കാഴ്ചയിൽ ആഢ്യതം തോന്നിക്കുന്ന, മധ്യവയസ്സു കഴിഞ്ഞ കാരണവരെപ്പോലെ തോന്നിപ്പിച്ചതിനാൽ ആ സ്ത്രീ ഭവ്യതയോടെ മറുപടി പറഞ്ഞു,

“പല്ലശനേന്നാ.”

കവി വീണ്ടും ചോദിച്ചു,

“രാമ! രാമ! രാമ! എപ്പളാ വന്നത്?”

“സുമാർ അഞ്ചു മണിക്ക്” എന്ന് സ്ത്രീ പറഞ്ഞു.

കവി വിടാൻ ഭാവമില്ല.

“എപ്പളാ മടക്കം.”

“ദർശനം കഴിഞ്ഞാൽ മടങ്ങ്വായി.”

കവിയുടെ അടുത്ത ചോദ്യം,

"ഞാനും കൂടി അങ്ങോട്ട് വന്നാലോ? കണ്ടപ്പൊത്തന്നെ ഭ്രമം തോന്നീട്ട് ചോദിക്ക്യാ"
പെട്ടെന്ന് ആജാനുബാഹുവായ ഒരു കൊമ്പൻമീശക്കാരൻ കവിയെ പിടിച്ചു ബലമായി തിരിച്ചുനിർത്തി. സ്ത്രീയുടെ ഭർത്താവായ പട്ടാളക്കാരനായിരുന്നു അത്. "ആരെടാ, ന്റെ ഭാര്യയോട് അനാവശ്യം പറയണ്" എന്ന് ആക്രോശിച്ച് അയാൾ പി.യെ അടിക്കാൻ കൈയോങ്ങി. അയ്യോ, ഇത് മഹാകവി പി.യാണ് എന്നു പറഞ്ഞുകൊണ്ട് നമ്പ്യാരും തവിൽ വിദ്വാൻ കേശവൻനായരും കൂടി അയാളെ തടഞ്ഞു, അനുനയിപ്പിച്ച് പിടിച്ചുമാററി. അപ്പോൾ പി.യുടെ പ്രതികരണം ഇങ്ങനെയായിരുന്നു.
"ഒരു മോഹം തോന്നിയപ്പൊ ചോദിച്ചു എന്നേ ഉള്ളൂ. വേണ്ടങ്കിലൊട്ടു വേണ്ടതാനും. വയ്യാന്ന് പറഞ്ഞാൽ മതീലോ. എന്തിനാ ദേഹോപദ്രവം ഏല്പിക്കണ്?"
ഇത് കേട്ടപ്പോൾ പട്ടാളക്കാരനും ഭാര്യക്കുപോലും ചിരിവന്നു. ഒന്നുമുണ്ടാകാത്തമട്ടിൽ നട തുറന്ന് ദർശനവും കഴിഞ്ഞ് കവി പോയി. 'താമരത്തോണി'ക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡു കിട്ടിയ വാർത്ത പത്രങ്ങളിൽ വന്ന ദിവസം മിത്രാനന്ദപുരം എന്ന പുഴയോരഗ്രാമത്തിൽനിന്നും മധ്യവയസ്കയായ ഒരു സ്ത്രീ എന്റെ വക്കീലാഫീസിൽ വന്നു. താൻ പി.യുടെ ഭാര്യയാണെന്നും, കവി തന്നെ ഉപേക്ഷിച്ചുപോയി എന്നും അവർ പറഞ്ഞു. കവിക്ക് കിട്ടുന്ന പുരസ്കാരത്തുക ഒരു വ്യവഹാരം ബോധിപ്പിച്ച് ജപ്തി ചെയ്യാൻ പററുമോ എന്നറിയാനാണ് അവർ വന്നത്. കവി എന്റെ അടുത്ത പരിചയക്കാരനായതുകൊണ്ട് ആ വക്കാലത്തെടുക്കാൻ പറ്റില്ല എന്നു പറഞ്ഞ് ഞാൻ അവരെ തിരിച്ചയച്ചു. അവർ പിന്നെന്തു ചെയ്തു എന്നറിയില്ല. പി.യുടെ ഗ്രന്ഥത്തിൽ 'പുഴവക്കിലെ സിനിമ' എന്ന അദ്ധ്യായത്തിലെ മിസ്ട്രസ്സായിരിക്കും അവർ എന്ന് ഞാൻ ഊഹിച്ചു.
പി.യ്ക്ക് സ്ത്രീയും പ്രകൃതിയുമായിരുന്നു കവിതയുടെ ആകത്തുക. ഒരു ലഹരിപോലെ, അവധൂതപ്രായനായി അദ്ദേഹം ആ ലാവണ്യങ്ങൾ പാനം ചെയ്തു. അടങ്ങാത്ത ദാഹമായിരുന്നു അത്. സ്വജീവിതം പൊട്ടിപ്പൊളിഞ്ഞ തോണിയായി പി സങ്കല്പിച്ചു.
നിത്യകന്യകയെത്തേടിയുള്ള ആ യാത്രികന്റെ കാല്പാടുകൾ ശുദ്ധകവിതയുടെ രഥ്യയിൽ രത്നങ്ങൾ പോലെ തിളങ്ങിനിൽക്കുന്നു. ആത്മനിന്ദകൊണ്ടും അനിയന്ത്രിതമായ ചാപല്യങ്ങൾകൊണ്ടും സദാ ചഞ്ചലമായ ഒരു ജീവിതത്തിൽനിന്നാണ് അവ ഭാഷയിൽ പതിഞ്ഞതെന്ന് അദ്ഭുതമായി അവശേഷിക്കുന്നു.

### പരിഭവിച്ച പദാധിരാജൻ

ഒററപ്പാലം എൻ.എസ്.എസ് കോളേജിലെ ഒരു ചടങ്ങിൽ മുഖ്യാതിഥിയായി വന്നപ്പോഴാണ് ഞാൻ വൈലോപ്പിള്ളിയെ ആദ്യമായി കണ്ടത്. ചടങ്ങിനുശേഷം നിർബന്ധിച്ച് ഞാൻ അദ്ദേഹത്തെ വീട്ടിൽ കൂട്ടിക്കൊണ്ടുവന്നു. ചടങ്ങിന്റെ സംഘാടകർ അന്ന് ഒരു ഗാനമേളയ്ക്കു കൊടുത്തത് പതിനായിരം രൂപ. പ്രശസ്തനായ കവിക്കു കൊടുത്തത് വെറും ബസ് കൂലിയും. ഒരു കാറ് ഏർപ്പാട് ചെയ്യണമെന്നെങ്കിലും നിർബന്ധം പിടിക്കാമായിരുന്നില്ലേ എന്ന് ഞാൻ വിനയപൂർവം ചോദിച്ചു.
അങ്ങനെ ചെയ്തില്ലെങ്കിൽ കവികൾക്ക് അന്തസ്സ് കിട്ടുകയില്ലെന്ന് ഞാൻ പറഞ്ഞു. അത്രയൊന്നും ആലോചിച്ചില്ലെന്നായിരുന്നു മറുപടി. ആയിടയ്ക്ക് കേരള സാഹിത്യ സമിതിയുടെ വാർഷികം ഒററപ്പാലത്തുവച്ചു നടത്തുവാൻ ചെറുകാട് തുടങ്ങിയ സംഘാടകർ തീരുമാനിച്ചു. സ്വാഗതസംഘത്തിന്റെ ചെയർമാനായി എന്നെയും ഇരുത്തി. ജിയടക്കം മലയാളത്തിലെ പ്രശസ്ത കവികളെല്ലാം വരാമെന്നേററു. ഒരുദിവസം ചെറുകാട് വന്നു പറഞ്ഞു, ജിയ്ക്ക് സുഖമില്ലാതെ ആശുപത്രിയിലാണ്. വേഗം സുഖപ്പെടും. സമ്മേളനം രണ്ടാഴ്ച നീട്ടിവയ്ക്കണം. എല്ലാ കവികളേയും അറിയിച്ചിട്ടുണ്ട്. വൈലോപ്പിള്ളിയെ ഞാൻ നേരിട്ടുചെന്ന് അറിയിക്കണം. തൃശ്ശൂരിലെ ദേവസ്വം ക്വാർട്ടേഴ്സിൽ ചെന്ന് ഞാൻ വിവരം പറഞ്ഞു.
വൈലോപ്പിള്ളി പെട്ടെന്ന് കോപാന്ധനായി. വികാരാധീനനായി. അദ്ദേഹം തന്റെ അല്പം സ്ത്രൈണമായ രീതിയിൽ പൊട്ടിത്തെറിച്ചു.
"ഇത് നിങ്ങളുടെ ഒരു ഗൂഢാലോചനയാണ്. കല്പിച്ചുകൂട്ടി എന്നെ തരം താഴ്ത്തുവാനും ജിയെ വലുതാക്കുവാനുമാണ് എന്നോട് ചോദിക്കാതെ നിങ്ങൾ തീയതി നീട്ടിയത്. നരേന്ദ്രമേനോനും ചെറുകാടുമൊക്കെ എന്റെ ശത്രുക്കളോടൊപ്പം ചേർന്നിരിക്കുന്നു. നിങ്ങളുടെ നശിച്ച സമ്മേളനത്തിന് എന്നെ കാക്കണ്ട. ഞാൻ വരില്ല. നിങ്ങൾ കടന്നുപോവ്വാ നല്ലത്" ഇങ്ങനെ പോയി ഭർത്സനങ്ങൾ.
ഞാൻ അമ്പരന്നു. സുഖമില്ലാതെ ആശുപത്രിയിൽ കിടക്കുന്ന ഒരു സഹോദര കവിക്കുവേണ്ടി സമ്മേളനത്തീയതി നീട്ടുന്നത് ഒരു അപരാധമാകുമെന്ന് ഞാൻ വിദൂരമായിപ്പോലും സംശയിച്ചിരുന്നില്ല. അനുനയിച്ചിപ്പു നോക്കി. കവിയുടെ ദേഷ്യം കൂടി വരുന്നതായാണ് കണ്ടത്. അപമാനിക്കും വിധത്തിലായിരുന്നു പെരുമാറ്റം. കുറേ ചെന്നപ്പോൾ എനിക്കും നിയന്ത്രണം വിട്ടുപോയി. നിങ്ങൾ മാത്രമല്ല മലയാളത്തിൽ കവി, നിങ്ങളില്ലെങ്കിലും സമ്മേളനം നടക്കുമെന്നുമൊക്കെ ഞാനും പറഞ്ഞു. ഒടുവിൽ വൈലോപ്പിള്ളി എന്നോട് വീട്ടിൽനിന്ന് പോകാൻ വരെ പറഞ്ഞു. ഞാൻ ഇറങ്ങിപ്പോരികയും ചെയ്തു.
വൈലോപ്പിള്ളി സമ്മേളനത്തിന് വന്നില്ല. അസുഖം ഭേദമാകാത്തതിനാൽ ജിയും വന്നില്ല. വൈലോപ്പിള്ളിയുടെ പ്രതികരണം ഇങ്ങനെയാകുമെന്ന് സംശയിച്ചതിനാലാണ് ചെറുകാട് എന്നെ

അയച്ചതെന്ന് മനസ്സിലായി. ഞാൻ അക്കാലത്ത് കവിതകളൊന്നും പ്രസിദ്ധീകരിച്ചിരുന്നില്ല. ചെറുകാടിനോട് ഞാനും കണക്കിന് പരിഭവം പറഞ്ഞു. സംഘാടകനായി തുടരാൻ സാധ്യമല്ലെന്ന് ഭീഷണിപ്പെടുത്തി. ചെറുകാട് കാര്യമായി ക്ഷമ ചോദിച്ചതിനാൽ ഞാൻ തുടരുകയും ചെയ്തു. പിന്നീട് രണ്ടു വർഷം കഴിഞ്ഞാണ് ഒരു സാഹിത്യസമ്മേളനത്തിന് തൃശ്ശൂരിൽവച്ച് വൈലോപ്പിള്ളിയെ കാണുന്നത്. 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ എന്റെ രണ്ടു മൂന്ന് കവിതകൾ വന്നു കഴിഞ്ഞിരുന്നു. എന്നെ കണ്ടയുടനെ വൈലോപ്പിള്ളി വന്ന് കൈപിടിച്ചു. എന്താ, എന്നെ മറന്നോ എന്നായി. വീട്ടിൽനിന്ന് അപമാനിക്കുംവിധം ഇറക്കിവിട്ട സംഭവം തന്നെ ഓർമ്മയില്ലാത്ത രീതിയിലാണ് പെരുമാററം. സ്നേഹപൂർവമാണ് സംസാരം. 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ വന്ന എന്റെ 'മുത്തുവിളയും കുന്ന്' എന്ന കവിത ഇഷ്ടപ്പെട്ടു എന്നും പറഞ്ഞു. കവിയുടെ സ്നേഹപ്രകടനത്തിനു മുന്നിൽ എന്റെ പരിഭവവും തേഞ്ഞുമാഞ്ഞില്ലാതായി.

അതിനുശേഷം ഒരിക്കൽ ഞാൻ വൈലോപ്പിള്ളിയുടെ വീട്ടിൽപോയി. സ്വന്തം കൈകൊണ്ട് ചായയുണ്ടാക്കിതന്നു. ആ വലിയ കവി പലപ്പോഴും കൊച്ചുകുട്ടിയെപ്പോലെ പെരുമാറുമെന്ന് മനസ്സിലായിക്കഴിഞ്ഞിരുന്നു. വൈലോപ്പിള്ളിയുടെ ശവസംസ്കാരം തിരുവില്വാമലയിൽ ഭാരതപ്പുഴയുടെ തീരത്തായിരുന്നു. ജഡം വന്നപ്പോൾ നാട്ടുകാരിൽ ചിലർ ചില തടസ്സങ്ങൾ പറഞ്ഞു. വെട്ടിക്കൂട്ടുവാൻ ആളെ കിട്ടാതെ ശവസംസ്കാരം വൈകുകയായിരുന്നു. ഞാനും പ്രൊഫസർ രാജേന്ദ്രൻനായരും പഞ്ചായത്ത് പ്രസിഡന്റുമൊക്കെ ഇടപെട്ടാണ് പ്രശ്നം പരിഹരിച്ചത്. അപ്പോഴേയ്ക്കും ആ പാർത്ഥിവശരീരം പുഴക്കരയിൽ വന്നിട്ട് നാലഞ്ചുമണിക്കൂർ കഴിഞ്ഞിരുന്നു. പ്രഥമ വൈലോപ്പിള്ളി പുരസ്കാരം എന്റെ 'പൊട്ടിച്ചൂട്ടുകൾ' എന്ന സമാഹാരത്തിനാണ് കിട്ടിയത്.

മലയാളം - ഏപ്രിൽ 20, 2002